പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2624 | 27.01.2014- ലെ മറുപടിക്ക് |
| --- | --- |

**എൻ. എ. ബി. എൽ. അക്രഡിറ്റേഷനുള്ള ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകൾ**

| | ചോദ്യം | | ഉത്തരം |
| --- | --- | --- | --- |
| | ശ്രീ. എം. ഉമ്മർ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ.) | ഭക്ഷ്യ സുരക്ഷാ നിലവാര നിയമം അനുശാസിക്കുന്ന പ്രകാരമുള്ള എൻ.എ.ബി.എൽ അക്രഡിറ്റേഷനുള്ള എത്ര ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകൾ സംസ്ഥാനത്ത് നിലവിലുണ്ട്; | എ) | നിലവിലില്ല. എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| ബി) | എൻ.എ.ബി.എൽ അക്രഡിറ്റേഷൻ ലഭിക്കുന്നതിനായി അനലിറ്റിക്കൽ ലാബുകളിൽ മൈക്രോബയോളജി ഡിവിഷനുകളിൽ എത്ര മൈക്രോബയോളജിസ്റ്റ് തസ്തികകൾ ആവശ്യമാണ്; മാനദണ്ഡങ്ങൾ വിശദമാക്കാമോ; | ബി) | ഇതു സംബന്ധിച്ച മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല. |
| സി) | സർക്കാർ അനലിറ്റിക്കൽ ലാബുകളുടെ നാഷണൽ അക്രഡിറ്റേഷൻ ലഭിക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി നിലവിലുള്ള പി.എസ്.സി.റാങ്ക് ലിസ്റ്റിൽ നിന്നും മൈക്രോബയോളജിസ്റ്റുകളെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | സി) | നിലവിലുള്ള ഒഴിവുകളിൽ പി.എസ് സി യിൽ നിന്ന് ഉദ്യോഗാർത്ഥികളെ നിയമിച്ചിട്ടുണ്ട് എന്നാൽ റിസർവേഷൻ ടേണിൽ ഉദ്യോഗാർത്ഥി ലഭ്യമല്ലാത്തതിനാൽ ഒരൊഴിവിൽ ആളെ അഡ്വൈസ് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ